MONDAY 05/05/2025 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Haripriya Devi VV (I/C)** **Editor : Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/05/2025

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് അംഗങ്ങൾക്ക് തടസ്സമില്ലാതെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗങ്ങളുടെ ആധാർ കാർഡ്, ഉപയോഗത്തിലുള്ള ബാങ്ക് പാസ്ബുക്ക്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ ബോർഡിന്റെ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി എത്രയും വേഗം ജില്ലാ ഓഫീസിൽ ഹാജരാക്കണം. 2020 നു ശേഷം പുതിയ അംഗത്വം എടുത്തവരും വിവാഹം, പ്രസവം, ചികിത്സ, വിദ്യാഭ്യാസം എന്നീ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചവരും വീണ്ടും രേഖകൾ നൽകേണ്ടതില്ല. ജനന തീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി /ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഹാജരാക്കണം. ക്ഷേമനിധി പാസ്ബുക്കിൽ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കണം.

2. കേരള കാർഷിക സർവകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും **എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മണിമുതൽ 4 മണിവരെ സങ്കരയിനം (T X D) തെങ്ങിൻ തൈകൾ** പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്നു. **ആവശ്യക്കാർ റേഷൻ കാർഡിന്റെ കോപ്പി സഹിതം കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. തെങ്ങിൻ തൈ ഒന്നിന് 325/ രൂപ**. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 04672260632, 8547891632.

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല്, വൈക്കോൽ എന്നിവ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് 2 ടണ്ണിൽ താഴെ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് (ഡ്രൈവർ ഉൾപ്പെടെ) നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്ര വച്ച

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു . ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി 08/05 2025 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പൊടണ്ടതാണ്.

4. ക്ഷീരരംഗത്തെ കുടുംബങ്ങൾക്ക് സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 2016 മുതൽ നടപ്പാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. പ്രതിദിനം കുറഞ്ഞത് ഏഴ് ലിറ്റർ പാൽ ഉൽപ്പാദന ശേഷിയുള്ള രണ്ട് മുതൽ 10 വയസ്സു വരെ പ്രായമുള്ള പശുക്കളെയും എരുമകളെയും ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസത്തിലുള്ള പശുക്കളെയും ഏഴ് മാസത്തിൽ കൂടുതൽ ഗർഭാവസ്ഥയിലുള്ള കറവ വറ്റിയ ഉരുക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്താം.കന്നുകാലികളെ ഒന്ന്, മൂന്ന് വർഷത്തേക്ക് ഇൻഷുറൻസ് ചെയ്യാം. കന്നുകാലികളുടെ മരണം, ഉൽപാദനക്ഷമത നഷ്ടപ്പെടൽ, കർഷകൻ്റെ മരണം എന്നിവയ്ക്കാണ് പരിരക്ഷ ലഭിക്കുക. 65,000 രൂപ വരെ മതിപ്പ് വിലയുള്ള ഉരുവിന് ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 1,356 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 774 രൂപയുമാണ് വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3,319 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 1,892 രൂപയുമാണ് വിഹിതം. 100 രൂപ പ്രീമിയത്തിൽ ഉടമകൾക്ക് അപകട മരണ ഇൻഷുറൻസ് പരിരക്ഷക്കും അർഹതയുണ്ടാകും. പരമാവധി അഞ്ച് ലക്ഷം രൂപയാണ് വ്യക്തിഗത അപകട പരിരക്ഷ. അതത് തദ്ദേശസ്ഥാപനങ്ങളിലെ വെറ്ററിനറി ആശുപത്രിയുമായി ബന്ധപ്പെട്ട് പദ്ധതിയിൽ അംഗമാകാം.

5. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ബോട്ടണി ഡിവിഷനിൽ 'പ്രൊജക്ട് ട്രെയിനി'യെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തു പരീക്ഷയും വാക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് ബോട്ടണിയിലോ അഗ്രിക്കൾച്ചറിലോ ബിരുദം ഉണ്ടായിരിക്കണം. 2025 ജനുവരി 31-ന് 30 വയസ്സ് കവിയാത്തവരായിരിക്കണം അപേക്ഷകർ. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മെയ് 08 രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

6. കാർഷിക നിർദേശം

വഴുതന വഴുതനയിൽ കായ്തുരപ്പൻ പുഴുവിനെ നിയന്ത്രിക്കാനായി കീടബാധിതഭാഗങ്ങൾ കിട ങ്ങളോടൊപ്പം മുറിച് നശിപ്പിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ല്ലി 10 ലിറ്റർ വെള്ളത്തിൽ തളിക്കുക

ഇലതീനിപ്പുഴു - വാഴയിൽ ഇലതീനിപ്പുഴുക്കളുടെ ആക്രമണം കാണാൻ സാധ്യതയുണ്ട് ഇതിനെ നിയന്ത്രിക്കാൻ പുഴുവിൻ്റെ ആക്രമണം ബാധിച്ച ഇലകൾ മുട്ട, പുഴു, പ്യൂപ്പ എന്നിവയോടു കൂടിത്തന്നെ നശിപ്പിച്ചുകളയുക. കൂടാതെ വേപ്പിൻകുരു സത്ത് 5 ശതമാനം വീര്യത്തിൽ തയ്യാറാക്കി തളിച്ചുകൊടുക്കുക.

പച്ചക്കറികൾ-(വെള്ളരിവർഗ്ഗങ്ങൾ) - മൃദുരോമപൂപ്പ്

വെള്ളരി വർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്നകുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരുലിറ്റർ വെള്ളത്തിൽ എന്നതോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക.